ലിറ്റിൽ കൈറ്റ്സ് 2019-20

# പടവുകൾ

## ഡിജിറ്റൽ മാസിക

എ.എം.എം.എച്ച്.എസ്.എസ്
ഇടയാറന്മുള



little KITEs

Kerala Infrastructure and Technology for Education


# ചീഫ് എഡിറ്ററുടെ സന്ദേശം



**അന്നമ്മ നൈനാൻ എം**

**(ഹെഡ്മിസ്ട്രസ്)**

ഇടയാറന്മുള എ.എം.എം.ഹയർ സെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ 'പടവുകൾ' എന്ന ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയതിൽ അതിയായ സന്തോഷമുണ്ട്. അതിലൂടെ നമ്മുടെ സ്കൂളിലെ അധ്യാപകരുടേയും വിദ്യാർത്ഥികളുടെയും സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുവാൻ സാധിക്കട്ടെ. എല്ലാവിധ ആശംസകളും നേരുന്നു.........



ഹെഡ്മിസ്ട്രസ്


എ.എം.എം.എച്ച്.എസ്.എസ്, ഇടയാറന്മുള

## സ്റ്റാഫ് എഡിറ്ററുടെ സന്ദേശം



**ആശ പി മാത്യു**
**(ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്)**

എ.എം.എം.എച്ച്.എസ്.എസ്, ഇടയാറന്മുള 2019-20 അദ്ധ്യായന വർഷത്തിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 'പടവുകൾ' എന്ന പേരിൽ ഒരു ഡിജിറ്റൽമാസിക പ്രസിദ്ധീകരിക്കുന്നു. വിദ്യാർത്ഥികളുടെയും അധ്യാപകരുടേയും സാഹിത്യ സൃഷ്ടികൾ കോർത്തിണക്കിയ ഈ സാഹിത്യ ഉപഹാരം നമ്മുടെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ കിരീടത്തിൽ ഒരു പൊൻതൂവലായി മാറും എന്ന് എനിക്ക് ഉറപ്പുണ്ട് . ഈ ഉദ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു ......



ആശ പി മാത്യു

# ലിറ്റിൽ കൈറ്റ്സ് മാസ്റ്ററുടെ സന്ദേശം



ജെബി തോമസ്
(ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ)

സാങ്കേതിക വിദ്യ അനുസ്യൂതം വികാസം പ്രാപിക്കുന്ന ഈ കാലഘട്ടത്തിൽ വിദ്യാഭ്യാസ മേഖലയും സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതാണ്. ഇടയാറന്മുള എ.എം.എം ഹയർ സെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഈ വർഷവും സ്കൂൾ മാഗസിനും അതിന്റെ ഡിജിറ്റൽ പതിപ്പും പ്രസിദ്ധീകരിക്കുന്നത് സ്കൂളിന് അഭിമാനകരമാണ്. നമ്മുടെ കുട്ടികളുടെ വിവിധങ്ങളായ രചനാവൈഭവവും സാങ്കേതിക പരിജ്ഞാനവും ഈ മാഗസിൻ ഉദ്യമത്തിൽ കൂടെ പരിപോഷിപ്പിക്കപ്പെടട്ടെ. അതിനായി ഉത്സാഹിപ്പിക്കുകയും പ്രയത്നിക്കുകയും ചെയ്യുന്ന അധ്യാപകർക്കും കുട്ടികൾക്കും എല്ലാവിധ ആശംസകളും നേരുന്നു....



ജെബി തോമസ്

## നന്ദു സുരേഷ്
## IX B



## സ്റ്റുഡന്റ് എഡിറ്ററുടെ സന്ദേശം

എ.എം.എം.എച്ച്.എസ്.എസ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തയാറാക്കുന്ന 'പടവുകൾ' എന്ന ഈ ഡിജിറ്റൽ മാഗസിൻ വിദ്യാർത്ഥികളുടെ സൃഷ്ടികൾ കൊണ്ട് ശോഭിക്കുന്നു. തികച്ചും കുട്ടികളുടെ പൂർണ്ണ ഉത്തരവാദിത്തത്തിൽ നിർമിച്ചതാണ് ഈ മാഗസിൻ. ഞങ്ങൾക്ക് വേണ്ട എല്ലാ പ്രോത്സാഹനവും നൽകി ഞങ്ങളെ പ്രാപ്തരാക്കിയത് ലിറ്റിൽ കൈറ്റ്സിന്റെ ചുമതല വഹിക്കുന്ന ആശടീച്ചറും ജെബിസാറും ആണ്. ഞങ്ങളുടെ കഴിവില്ലായ്മകളെ കഴിവുകളാക്കി മാറ്റാൻ ഞങ്ങളോട് ചേർന്നു നിന്ന ഞങ്ങളുടെ അധ്യാപകരെ നന്ദിയോടെ സ്മരിക്കുന്നു.



**നന്ദു സുരേഷ്**

## ഉള്ളടക്കം

ചീഫ് എഡിറ്ററുടെ സന്ദേശം....2
സ്റ്റാഫ് എഡിറ്ററുടെ സന്ദേശം....3
ലിറ്റിൽ കൈറ്റ്സ് മാസ്റ്ററുടെ സന്ദേശം....4
സ്റ്റുഡന്റ് എഡിറ്ററുടെ സന്ദേശം....5
ലിറ്റിൽ കൈറ്റ്സ് അവാർഡ് 2019....8
DRUG ADDICTION....9
മാതൃഭാഷ....11
ഇളംകാറ്റ്....12
സ്മരണകൾക്കു മരണമില്ല....13
ഓണം....15
ജാലകം....16
Websites....18
പ്രബന്ധം....19
Butterfly....28
നമ്മുടെ വെള്ളം....29
Love is impalpable....30
ലഹരി വിമുക്ത കേരളം....31
കോഴി! പൂവൻകോഴി....34
ഭൂമി പറയുന്നു....35
സ്വാതന്ത്ര്യം....36
ദുരാഗ്രഹിയായി സിംഹം....37
HOBBIES....39
ROAD ACCIDENT....41
ആമയും മുയലും....43
എന്റെ കേരളം....44
....44
ജാലകാഴ്ചകൾ....45
Our Life....47
"നവജീവൻ"ഷോർട് ഫിലിം....48
സേഫ് സൗണ്ട് ബോധവത്കരണ പരിപാടി....49
ഡിജിറ്റൽ ഓണാഘോഷ പരിപാടികൾ 2019....50
എക്സ്പോ 2019....52
വായനക്ക് ഒരു ദിനം ...അതാണ് ജൂൺ 19....53
ഫിറ്റ് ഇന്ത്യ മൂവ്മെന്റ്....54
ചന്ദ്രയാൻ 2 വിക്ഷേപണം....55
PHOTO SECTION....56

അമ്മ മാർക്കുള്ള പരിശീലന പരിപാടി....67
വിദ്യാരംഗം കലാസാഹിത്യവേദി 2019-20....68
....68
J R C 2019-20....69
NCC....70
സ്കൂൾ സൈനികസേന 10(k) BN NCC ഗ്രൂപ്പ്....71
Collages....72
....76
ART SECTION....79
കടപ്പാട്....83



# ലിറ്റിൽ കൈറ്റ്സ് അവാർഡ് 2019

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ വിദ്യാലയങ്ങളിൽനടപ്പാക്കിവരുന്ന ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ ഉൾപ്പെട്ട 1898 യൂണിറ്റുകളിൽ ഇലക്ട്രോണിക്സ്, മലയാളം കമ്പ്യൂട്ടിങ്, സൈബർ സുരക്ഷ മേഖലകൾക്കു പുറമേ മോബൈൽ ആപ് നിർമാണം, പ്രോഗ്രാമിങ്, റോബോട്ടിക്സ്, ഇ-കോമേഴ്സ്, ഇ-ഗവേണൻസ്, വീഡിയോ ഡോക്യുമെന്റേഷൻ, വെബ് ടീവി, ഹൈടെക് ക്ലാസ്സ്മുറികളുടെ പരിപാലനം തുടങ്ങിയ നിരവധി മേഖലകൾ അടങ്ങുന്നതാണ് ലിറ്റിൽ കൈറ്റ്സ് ക്ലബുകളുടെ പ്രവർത്തനം. പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ ഐ.ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിൽ 2018-19 വർഷം മികച്ച പ്രവർത്തനങ്ങൾ നടത്തിയ യൂണിറ്റുകൾക്കുള്ള അവാർഡ്ദാന ചടങ്ങ് 2019 ജൂലൈ 5 ന് വൈകുന്നേരം 3 മണിക്ക് തിരുവനന്തപുരം ടാഗോർ തീയേറ്ററിൽവച്ച് ബഹു.കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ ഉദ്ഘാടനം നിർവഹിച്ചു. എ.ഷാജഹാൻ(I.A.S) സെക്രട്ടറി പൊതുവിദ്യാഭ്യാസ വകുപ്പ്, കെ അൻവർ സാദത്ത് വൈസ് ചെയർമാൻ(കൈറ്റ്) തുടങ്ങിയവരുടെ മഹനീയ സാന്നിദ്ധ്യത്തിൽ ബഹു. വിദ്യാഭ്യാസ മന്ത്രി ശ്രീ സി രവീന്ദ്രനാഥിൽ നിന്ന് ഞങ്ങളുടെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന് 10,000 രൂപയും പ്രശസ്തിപത്രവും മൊമെന്റവും അടങ്ങിയ പ്രഥമ അവാർഡ് ലഭിച്ചു.

# DRUG ADDICTION

One among the ever growing problem
that faces human society is 'drug addition'.We may call it as a complex brain disease. It is characterized by uncontrollable ,at times wild; drug craving ,seeking , and use that continue even in the face extremely negative consequences.






Drug addiction can only obstruct or hold back us from achieving aims in life addiction can catch any one at anytime. It can lead to harming ones body, causing problems in family structure, and add to the delinquency in society. The sooner people seek help for drug addition problem ,the more chances the have of gaining control of their once again. However ,self denial is the safest ways to live a longer and healthier live . We are greatly nfluenced by the people around us . Today of the number one reasons

of teenage drug usage is is peer pressure represents social influences that affect us. It can have a positive or a negative effect , depending on what path one follows.

There is straight and indirect pressure that might control a person's choice in using drugs . Direct force might be when a person is offered try drugs . Indirect pressure might be when a person is around people using drugs and sees that there is nothing wrong with using drugs. Very often the influence of a drug, he can do disgraceful acts .Continued addition upsets the digestive system, particularly the liver ,leading ultimately tom death.

In short drug addition is a mental weakness which is no use for the grow of human life. It will not and cannot add and bring happiness . If one things in that way it is only a maya . So it is best to keep away from the company of those who have remedy to drugs or sell them . Remember the physical damage , mental trouble , ethical humiliation and social and financial crash . So for god's sake one should never be tempted by them.



NANDHU SURESH

IX-B

# മാതൃഭാഷ

എത്ര സുന്ദരമെൻ ഭാഷ !

എത്ര മഹത്തരമെൻ ഭാഷ !

ഞാൻ ആദ്യം ഉരുവിട്ട ഭാഷ !

എത്രയോ കവിതകളുടെ ഭാഷ !

എന്റെ  സ്വന്തം മാതൃഭാഷ !

മലയാളം മരിക്കുന്നുപോലും !

ഇല്ല , മരിക്കില്ലൊരിക്കലും

നമുക്കൊരുമിച്ചു നിൽക്കാം ,

നമ്മുടെ ഹൃദയഭാഷയ്ക്കായി !

ദേവദത്ത് .ടി .ഡി

VII-A





# ഇളംകാറ്റ്

മന്ദമണഞ്ഞു വീശി പരത്തുന്ന ഇളംകാറ്റേ നീ വിസ്മയിപ്പിക്കുകയാണോ നമ്മെ

നിന്റെ ഇളം തെന്നലിലൂടെ ഞാൻ സ്വയം മറക്കുന്നു

മന്ദമണഞ്ഞു വീശി പരത്തുന്ന ഇളംകാറ്റേ നീ വിസ്മയിപ്പിക്കുകയാണോ നമ്മെ

നീ ഞങ്ങളെ കൊണ്ടു പോകു.

എവിടെ ? എവിടെന്നാണൊ നിന്റെ ചോദ്യം ?

മന്ദമണഞ്ഞു വീശി പരത്തുന്ന ഇളംകാറ്റേ നീ വിസ്മയിപ്പിക്കുകയാണോ നമ്മെ

കാട്ടുകളിൽ, പുഴ്യകളിൽ , മലകളിൽ

ആകാശഭൂമിയിലിലൂടെ നീ കൊണ്ടുപോകു ..........



ആദിയ അനീഷ്

VI -A

# സ്മരണകൾക്കു മരണമില്ല

തുടക്കയാത്ര മടക്കയാത്രയാകും മുമ്പെ
ജീവിതത്തിലൊരു സന്ധ്യയുണ്ട് എന്ന
തിരിച്ചറിവിൻ  പാതയിൽ ചെയ്തു തീർക്കും
എണ്ണമറ്റ സമസ്യകൾ, ദുരൂഹസമസ്യകൾ




കലുഷിതമാം വർത്തമാനകാലസംഭ-
വങ്ങൾ തൻ കരാളഹസ്തത്തിലമരും
വേളയിലും പക്വമാം നിലപാടും സൗമ്യമാം
ഭാവവുമായ് വേറിട്ട പാതയിലൂന്നിയ ഭവാൻ

അതിരുവൽകരണവും അപരത്വവൽക്കവൽക്കര-
ണവും അതിശക്തമാം ഇന്നിന്റെ നാളിലും
സൗഹൃദകൂട്ടത്തിൻ നായകനാകുമീ മിത്രംതൻ
നീണ്ടകാലടികൾ പതിഞ്ഞയിടങ്ങളിലെല്ലാം
ഹൃദയഭിത്തിയിൽ പതിപ്പിക്കുമോരോ മുഖങ്ങൾ

അനാരോഗ്യത്തിൻ നൊമ്പരം അധിക-

മായോറ്റിരുന്നൊരാ നാളിലും സഹജമാം

നർമ്മരസത്തിൻ നുറുങ്ങുകളാൽ സർവ്വം

മറന്നു പൊട്ടിച്ചിരിക്കും ഫലിതപ്രിയർ

ജീവിതതിൻ അനുഭവങ്ങളാകും

നല്ലപാഠങ്ങൾ സഹന വഴികളിൽ താങ്ങായി

കരുത്തായി, അതിജീവന തന്ത്രങ്ങളെ

മന്ത്രമാക്കിയവൻ പ്രിയഗുരു....

നിൻ ദീപ്തമാം സ്മരണകൾക്ക് മരണമില്ല

മറിയാമ്മ ജോർജ്ജ്

(ഹയർസെക്കണ്ടറി അദ്ധ്യാപിക)



# ഓണം

ഓണം വന്നല്ലോ , ഓണം വന്നല്ലോ ഓണം .........വന്നല്ലോ മലയാളികളുടെ

ഓണംക്കാലം വന്നല്ലോ വന്നല്ലോ വന്നല്ലോ മാവേലി ഏഴുന്നെള്ളും കാലം ഓണംക്കാലം



ഓണം വന്നല്ലോ , ഓണം വന്നല്ലോ

ഓണം .........വന്നല്ലോ

മലയാളികളുടെ ഓണംക്കാലം

വന്നല്ലോ വന്നല്ലോ വന്നല്ലോ മാവേലി

ഏഴുന്നെള്ളും കാലം ഓണംക്കാലം

വന്നല്ലോ, വന്നല്ലോ ഒരു പുഞ്ചിരി

മാസം ആ ഒരു പുഞ്ചിരി മാസം ഹാ

ഓണം വന്നല്ലോ , ഓണം വന്നല്ലോ ഓണം .........വന്നല്ലോ മലയാളികളുടെ

ഓണംക്കാലം വന്നല്ലോ വന്നല്ലോ വന്നല്ലോ മാവേലി ഏഴുന്നെള്ളും കാലം

ഓണംക്കാലം

ഓണം വന്നല്ലോ , ഓണം വന്നല്ലോ ഓണം .........വന്നല്ലോ മലയാളികളുടെ

ഓണംക്കാലം വന്നല്ലോ വന്നല്ലോ വന്നല്ലോ മാവേലി ഏഴുന്നെള്ളും കാലം ഓണംക്കാലം...



Anandhu Krishnan A

# ജാലകം

എൻ ജാലകത്തിൻ തിരശിലമാറ്റിഞാൻ-
നോക്കിയപ്പോൾ എത്ര സുന്ദരമി-
ലോക കാഴ്ചകൾ എത്ര  സുന്ദരമി-
തെരുവിൻ കാഴ്ചകൾ......

നിറപ്പകിട്ടുള്ള ഈ കാഴ്ചകൾ
എന്നെ കോരിത്തരിപ്പിച്ചു....
എൻ ജനലിലൂടെ കണ്ടു
പോയ് ഒരു ഭ്രാന്തൻ അവിടെ-
ചുറ്റിത്തിരിയുന്നു.

ഒരു വേള അവന്നൊന്ന് പൊട്ടിച്ചിരിക്കുബോൾ
മറുവേള അവനാകെ തേങ്ങിക്കരഞ്ഞു പോയ്
സന്തോഷപ്പൂത്തിരി,പിന്നെയും കേട്ടു ഞാൻ-

പിഞ്ചോമനകൾതൻ മണിനാദങ്ങൾ

എൻ മനതാര് പെട്ടെന്നുചോന്നു.

ആഹാ എത്ര സുന്ദരമീബാല്യകാലം

പെട്ടെന്നെൻ മിഴികളാവാർത്തയിൽ ഉരസിപ്പോയി

പെൺ കിടാങ്ങൾ തൻ പീഢനവാർത്തകൾ

എന്തിനെന്നറിയാതെ വീണ്ടും ഞാനെന്തിനോ-

വേണ്ടി കരഞ്ഞു

പിന്നെ ഞാൻ കണ്ട

നന്മതൻ പൂന്തോപ്പിലെ

റോസാച്ചെടികളും.തിന്മതൻ

പൂന്തോപ്പിലെ കള്ളിമുൾച്ചെടിയും

എല്ലാം മാനവർ തൻ പ്രതിരൂപങ്ങൾ

AARON MATHEW

IX-B



## Websites

ഞങ്ങളുടെ സ്കൂളിലെ അടിസ്ഥാനവിവരങ്ങൾ, ഭൗതികസൗകര്യങ്ങൾ, അധ്യാപകവിവരങ്ങൾ, കുട്ടികളുടെവിവരങ്ങൾ എന്നിവ അടങ്ങിയ ക്യൂആർകോഡ്.

ഞങ്ങളുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ നിർമ്മിച്ച യൂട്യൂബ് ചാനലിന്റെ ക്യൂആർകോഡ്. യൂട്യൂബിലേക്കു ധാരാളം വാർത്തകൾ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ അപ്‌ലോഡ് ചെയ്തുവരുന്നു.

# പ്രബന്ധം

## സാങ്കേതിക വിദ്യാകാലത്തെ സാഹിത്യം

ഇംഗ്ലീഷിൽ ടെക്നോളജി എന്ന് വ്യവഹരിച്ചു വരുന്നതാണ് സാങ്കേതിക വിദ്യ എന്ന് മലയാളത്തിൽ വ്യവഹരിച്ചുവരുന്നത്. അറിവിന്റെ ഉപയോഗരൂപത്തെയാണ് പൊതുവേ സാങ്കേതികവിദ്യ എന്ന് വിവക്ഷിക്കുന്നത്. വിശാലമായ അർത്ഥത്തിൽ ഉപയോഗിക്കുന്നതിനാൽ കൃത്യമായ നിർവ്വചനം കണ്ടെത്തുക അസാദ്ധ്യമാണ്. സാങ്കേതിക വിദ്യയ്ക്ക് പല പ്രഭാവങ്ങളും ഉണ്ട് വിപുലമായ സമ്പദ് വ്യവസ്ഥാവികാസത്തിന് അത് സാഹായകമായിട്ടുണ്ട്.



## സാഹിത്യം

എന്താണ് സാഹിത്യം? കഥ, കവിത, നടകം, ചിത്രകലാസ്വാദനം, രാഷ്ട്രീയലേഖനം, ഭാഷാവിമർശനം, സാഹിത്യനിരൂപണം, സഞ്ചാര സാഹിത്യം, സിനിമാസ്വാദനം, സംഗീതസാഹിത്യം, ശാസ്ത്ര, വൈജ്ഞാനിക ലേഖനങ്ങൾ, സാംസ്കാരിക വിമർശം നരവംശവിശകലനം മുതൽ പാചക സാഹിത്യം വരെയുള്ള വിശാല പ്രപഞ്ചമാണ് നാം സാഹിത്യം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. എഴുതിവയ്ക്കുന്ന ഭാഷ മാത്രമല്ല സാഹിത്യം.

സാഹിത്യമെന്നാൽ സാഹിതമായത് അഥവാ ഹിതകരമായത് എല്ലാവരും ഇഷ്ടപ്പെടുന്നത് എന്ന് നമുക്ക് വ്യാഖ്യാനിക്കാം. സഹൃദയാഹ്ലാദകാരിയായത് എന്തും

സാഹിത്യമാവും അപ്പോൾ അത് വ്യക്തി നിഷ്ടം ആണ്. നമുക്ക് രസിക്കാത്തത് മറ്റൊരാൾക്ക് രസിക്കാം അപ്പോൾ അയാൾക്ക് അത് സാഹിത്യം ആകും.

## വിവരസാങ്കേതിക വിദ്യയുടെ സാമൂഹീകവൽക്കരണം

സാങ്കേതിക വിദ്യ സാമൂഹ്യവികാസത്തിന്റെ ഉല്പന്നമാണ്. സമൂഹത്തിന്റെ സൃഷ്ടിയായ സാങ്കേതിക വിദ്യയ്ക്ക് സമൂഹത്തോളം തന്നെ പഴക്കമുണ്ട്. അറിവും അറിവിന്റെ കൈകാര്യരീതികളും സമൂഹത്തോടോപ്പം വളർന്നു വികസിച്ചുകൊണ്ടിരിക്കുന്നു. വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സങ്കേതങ്ങൾ സാമൂഹിക ജീവിതത്തിന്റെ തുടക്കം മുതൽ ഉപയോഗിക്കപ്പെട്ടിരുന്നു. എല്ലാകാലത്തിലും വിവരം കൈമാറാനുള്ള ശ്രമത്തിന്റെ ഭാഗമായി വളർന്ന് വികസിച്ച വന്ന സാങ്കേതിക വിദ്യകൾ നമുക്ക് സുപരിചിതങ്ങളാണ്.



സാങ്കേതികരംഗത്ത് നടന്ന കുതിച്ചുചാട്ടം അത്ഭുതപൂർവ്വമാണ് എല്ലാമേഖലയേയും അത് ഇളക്കിമറിച്ചതുപോലെ സാഹിത്യരംഗത്തും അത് വൻമുന്നേറ്റമാണ് കാണിച്ചുതരുന്നത്. കലയും സാഹിത്യവും എല്ലാം ടെക്നോളജിയുടെ കൈപിടിയിലാണ്. എല്ലാ മേഖലകളിലേയും പ്രക്രിയകൾ

പുതിയ രീതിയിൽ നടത്താമെന്ന് വരുന്നു. സാങ്കേതിക വികാസം നിലവിലുള്ള ഘടനയിന്മേൽ നവീകരണവും നശീകരണാത്മകവുമായ ഫലങ്ങൾ ഉളവാകുന്നുണ്ട്.

വ്യക്തികൾ തമ്മിലുള്ള വിവര വിനിമയം സമൂഹത്തോടൊപ്പം പിറന്നു അതിനൊപ്പം വളർന്ന് വികസിക്കുകയും ചെയ്യുന്നു അടുത്തു നിന്നവരുമായിപ്പോലും ഫലപ്രദമായി വിവരവിനിമയം ചെയ്യാൻ കഴിയാതിരുന്ന ആദ്യകാലത്തുനിന്ന് ലോകത്ത് എവിടെയുള്ള ആരുമായും എത്രവിവരവും സമയദൂരപരിധികൾ ഇല്ലാതെ കൈമാറാൻ ഇന്ന് കഴിയുന്നു.



## സാങ്കേതിക വിദ്യയുടെ ആദ്യകാല ഘട്ടങ്ങൾ

പ്രകൃതി വിഭവങ്ങളെ ലളിതമായ ഉപകരണങ്ങളാക്കി മാറ്റിയതാണ് മനുഷ്യൻ ഉപയോഗിച്ച ആദ്യകാലത്തെ സാങ്കേതികവിദ്യ എന്ന് നമുക്ക് മനസ്സിലിക്കാം.

കടലാസ് പ്രചാരത്തിലാകുന്നതിനുമുമ്പ് എഴുത്തിനുപയോഗിച്ചിരുന്ന ഒരുമാധ്യമമായിരുന്നു താളിയോല. ഉണങ്ങിയ പനയോലയാണ് താളിയോലയുണ്ടാക്കാൻ ഉപയോഗിച്ചിരുന്നത്. ഇത്തരം ഓലകളിൽ നാരായം എന്നറിയപ്പെടുന്ന മൂർച്ചയുള്ള ഇരുമ്പ് ദണ്ഡ് ഉപയോഗിച്ചാണ് എഴുതിയിരുന്നത്. പുരാതനകാലത്തെ മതപരവും സാഹിത്യപരവും ആയുർവ്വേദസംബന്ധവുമായ രചനകളെല്ലാം താളിയോലകളിലായിരുന്നു. പഴയകാലത്ത് കളരിആശാന്മാർ കുട്ടികൾക്ക് ഉള്ള പാഠങ്ങൾ എഴുതികൊടുത്തിരുന്നത് താളിയോലകളിലാണ്.

ഗ്രന്ഥരചനയ്ക്കു പുറമേ പ്രചീന കാലത്ത് സന്ദേശങ്ങൾ അയയ്ക്കുന്നതിന് രാജാക്കന്മാർ താളിയോല ഉപയോഗിച്ചിരുന്നു.

## അച്ചടി

ആധുനീക ലോകത്തെ സൃഷ്ടിക്കുന്നതിന് അച്ചടി വലിയ പങ്ക് വഹിച്ചു. ആശയവിനിമയത്തിനുള്ള മുഖ്യോപാധികളിൽ ഒന്നാണ് അച്ചടി. മനുഷ്യപുരോഗതിയുടെ എല്ലാ വശങ്ങളിലും അത് സ്പർശിക്കുന്നു. ഇന്ന് അറിപ്പെടുന്ന രീതിയിലുള്ള അച്ചടി 15ാം ശതകത്തിന്റെ മധ്യത്തോടുകൂടി ജർമ്മനിയിലാണ് ആരംഭിച്ചത്,എന്നാൽ അതിനും വളരെ മുമ്പുതന്നെ അച്ചടി നടപ്പിൽവന്നിരുന്നു എന്ന് പറയാം. കൊറിയക്കാരും, ചൈനക്കാരും, ജപ്പാൻകാരും പ്രാചീനകാലത്തുതന്നെ അച്ചടിയെ പറ്റി അറിയുകയും അച്ചടിവിദ്യ ഉപയോഗിക്കുകയും ചെയ്തിരുന്നു.

BC 16-ാം ശതകം മുതൽ 4-ാം ശതകം വരെയുള്ള കാലഘട്ടത്തിൽ ആശയവിനിമയോപാധിയായി വരമൊഴി നിലവിൽ വന്നു. ചിത്രലിപികളും,അക്ഷരമാലയും സങ്കീർണ്ണങ്ങളായ പരിവർത്തനങ്ങൾക്കും വിധേയമായി ശിലാലിഖിതങ്ങളും, ഇഷ്ടികപുസ്തകങ്ങളും, തുകൽ പാപ്പിറസ് ചുരുളുകളും താളിയോല ഗ്രന്ഥങ്ങളും ഉപയോഗിച്ചിരുന്ന അക്കാലത്ത് കൊത്തുപണി നടത്തിപ്പോന്നിരുന്നവർ എഴുത്തുപണിയും നടത്തിപ്പോന്നു. AD ആദ്യ ശതകങ്ങളിൽ ചൈനക്കാർ കണ്ടുപിടിച്ചതും ക്രമേണ



ലോകം എങ്ങും പ്രചരിച്ചതുമായ കടലാസ് നിർമ്മാണത്തോടെയാണ് എഴുത്തുവിദ്യയിൽ പരിവർത്തനമുണ്ടായതും അച്ചടിക്ക് പ്രചുരപ്രചാരം ലഭിച്ചതും.

പേജിന്റെ വലിപ്പമുള്ള മരപ്പലകയിൽ അക്ഷരങ്ങൾ കൊത്തിയെടുത്ത് അക്ഷരങ്ങളുടെ പുറത്ത് മഷിപുരട്ടി കടലാസ് അമർത്തി പല പ്രതികൾ എടുത്തിരുന്നു. ഈ രീതിയിൽ അച്ചടിച്ച പുസ്തകങ്ങളിൽ പ്രധാനപ്പെട്ടതാണ് "പാവപ്പെട്ടവന്റെ വേദപുസ്തകം" (*poor man's Bible*).

മരത്തിൽകൊത്തി എടുത്ത ബ്ലോക്ക് ഉപയോഗിച്ച് അച്ചടിക്കുന്നതിനാൽ ഇത്തരം പുസ്തകങ്ങളെ ബ്ലോക്ക് പുസ്തകങ്ങൾ എന്ന് അറിയപ്പെട്ടു.

കടലാസ്സിൽ മഷിപുരട്ടി പതിപ്പുകൾ ഉണ്ടാക്കിയത്15-ാം ശതകം മുതലാണ്. വർത്തമാന പുസ്തകം, സംക്ഷേപവേദാർത്ഥം തുടങ്ങിയവ ഈ കാലഘട്ടത്തിന്റെ സംഭാവനകളാണ്.

കൈകൊണ്ട് അച്ചുനിരത്തുന്നതിലുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും സമയം ലാഭിക്കാനും അക്ഷരവടിവുകൾ നിലനിർത്താനും ഉപകരിക്കും വിധമുള്ള പരിഷ്കാരങ്ങൾ അച്ചടിയിൽ പിന്നിടുണ്ടായി. ലെനോടൈപ്പ്, മോണോടൈപ്പ്, ഫോട്ടോടൈപ്പ് സെറ്റിങ്ങ് തുടങ്ങി ഇന്നു ഡി.റ്റി.പി സമ്പ്രദായത്തിലേക്ക് അച്ചടി മാറുകയുണ്ടായി.

ഈ സദ്ധ്യതകളെ നിലനിർത്തി ഉപയോഗിക്കുകവഴി സാഹിത്യം വളർച്ചയുടെ പുതിയ പടവുകൾ താണ്ടാൻ തുടങ്ങിയിരുന്നു.

## ചെപ്പിൽ നിന്ന് ചിപ്പിലേക്കുള്ള മാറ്റം

ഭാവനയും സാഹിത്യവും കാലത്തിനനുസരിച്ച് മാറിയേതീരൂ..........

പരീക്ഷണങ്ങളിലൂടെ നമുക്ക് മുന്നോട്ട് പോകാം. അച്ചടിക്കുശേഷം സാഹിത്യത്തിന്റെ

വികാസങ്ങൾക്ക് ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. അത് വർത്തമാനകാല സാഹിത്യത്തിന് ഏറെ സംഭാവനകൾ നൽകിക്കോണ്ടിരിക്കുന്നു. കമ്പ്യൂട്ടർ സാങ്കേതികതയെ മാറ്റി നിർത്തി ഇന്ന് സാഹിത്യത്തെ നിർവ്വചിക്കാൻ സാദ്ധ്യമല്ലന്നുവന്നിരിക്കുന്നു. സാഹിത്ത്യത്തിൽ അത്രമാത്രം അടയാളപ്പെടുത്തലുകൾ നടത്തുവാൻ സാങ്കേതിക വിദ്യയ്ക്ക് സാധിക്കുന്നു. സാഹിത്യത്തിന്റെ എല്ലാ മേഖലകളിലും സാങ്കേതികവിദ്യ പ്രവേശിച്ചു കഴിഞ്ഞു. ഇന്നത്തെ സാഹിത്യത്തെ സൈബർ സാഹിത്യം എന്ന് പൊതുവെ പ്രതിപാതിക്കാം. ഇന്റർനെറ്റുംകമ്പ്യൂട്ടറും ഉൾപ്പെടുന്ന സാങ്കേതികവിദ്യയുമായി ബന്ധപ്പെടാതെ സാഹിത്യത്തിന് ഇന്ന് നിലനിൽപ്പില്ലാതെ വരിന്നു. സാഹിത്യത്തിന്റെ പുതിയ അദ്ധയായങ്ങൾ ഇന്ന് എഴുതുന്നത് സൈബർ ലോകത്താണ്.

ആശയസംവേദനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും സാങ്കേതിക വിദ്യയോട് സാഹിത്യം എന്നും ചേർന്ന് നിൽക്കുന്നു. ഡിജിറ്റൽയുഗം, കമ്പ്യൂട്ടർയുഗം എന്നെല്ലാം വിളിക്കപ്പെടുന്ന ഈ കാലഘട്ടത്തെ സൈബർയുഗം എന്നാണ് വിശേഷിപ്പിക്കുന്നത്. സൈബർ സാഹിത്യമായും കണക്കാക്കപ്പെടുന്നു.

സാങ്കേതിക വിദ്യയെ ആശ്രയിക്കാത്ത ഭാഷയുടെ രൂപത്തെ കണ്ടെത്താൻ കഴിയുന്നത് വാമൊഴി രൂപത്തിൽ മാത്രമാണ്.

വാമൊഴികളായി നൂറ്റാണ്ടുകൾ നിലനിന്ന സാഹിത്യം കൈയ്യെഴുത്തു രൂപത്തിലേക്കും പിന്നിട് സൈബർ സാഫിത്യത്തിലേക്കും കടക്കുകയുണ്ടായി.

സാഹിത്യലോകത്തേക്കുള്ള കമ്പ്യൂട്ടറിന്റെ കടന്നുവരവാണ് സൈബർ സാഹിത്യത്തിന്റെ അസ്ഥിവാരം തീർത്തത്. സൈബർ സാഹിത്യത്തിന്റെ

# സൈബർ സാഹിത്യത്തിന്റെ പശ്ചാത്തലം

സൈബർ സാഹിത്യത്തിന്റെ പശ്ചാത്തലം പഠിക്കുമ്പോൾ നാം മനസ്സിലാക്കേണ്ട ഒരു വസ്തുതയുണ്ട് സൈബറിടം ഒരു മാധ്യമം മാത്രമാണ്.

ചരിത്രത്തിന്റെ ആരംഭം മുതൽ അതത് കാലഘട്ടത്തിലെ കലയും സാഹിത്യവുമായി ബന്ധപ്പെട്ടാണ് നാം ജീവിച്ചു വന്നിട്ടുള്ളത് ഇത് വിവിധ മാധ്യമങ്ങളുടെ സഹായത്തോടെ ഉള്ളിലുള്ള സാഹിത്യ വാസനകളെ പൊതു സമൂഹത്തിന്റെ മുമ്പിൽ

അവതരിപ്പിച്ചിരുന്നു. വിശാലമായ അർത്ഥത്തിൽ ഡിജിറ്റൽ സാഹിത്യവുമായി ബന്ധപ്പെട്ട എന്തിനേയും സൈബർ സാഹിത്യം എന്ന് നിർവ്വചിക്കാം. അതായത് കമ്പ്യൂട്ടർ ലോകത്ത് നിർമ്മിക്കപ്പെടുകയും വിതരണം ചെയ്യപ്പെടുകയും ചെയ്യുന്ന സാഹിത്യത്തെ സൈബർ സാഹിത്യം എന്ന് പറയുന്നു.

സാഹിത്യം എപ്പോഴും കാലിക പ്രധാന്യമുള്ളതിനാൽ മാറിച്ചൊരു പക്ഷവും നമുക്ക് ചിന്തിക്കാം.

വിഷയം സാങ്കേതികവിദ്യാകാലത്തെ സാഹിത്യം എന്നാകുമ്പോൾ സാഹിത്യത്തിലെ രചനാതന്ത്രങ്ങളെ നോക്കി കാണാൻ ശ്രമിക്കുമ്പോൾ ഒരു കാര്യം നാം മനസ്സിലാക്കേണ്ടതുണ്ട്.

ഭാവനയും സാഹിത്യവും കാലഘട്ടത്തിനനുസരിച്ച് മാറിയേതീരൂ.

പല പൊതു സാഹിത്യരചനകളിലും നമുക്ക് മാറിവരുന്ന കാലഘട്ടത്തിന്റെ രചനാ തന്ത്രങ്ങൾ ദർശിക്കാം.

## പബ്ലീഷിംഗ് രംഗത്ത് പുത്തൻ സാങ്കേതിക  വിദ്യവരുത്തുന്ന പുതുപുത്തൻ തന്ത്രങ്ങൾ

ഇന്റർനെറ്റ് പബ്ലീഷിംഗ് രംഗത്ത് വ്യത്യാസം വരുത്തുമെന്നതിൽ തർക്കമില്ല. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് *E-reading*. കടലാസിനു പകരം സ്ക്രീൻകടന്നു വന്നതും കൈഅക്ഷരത്തെകുറിച്ചുള്ള കാല്പനിക വിഷാദങ്ങൾ ഇല്ലാതാകുന്നതും ഇന്ന് നമുക്ക് കാണാം.

ഡിജിറ്റൽ യുഗത്തിൽ പരമ്പരാഗത അച്ചടി പുസ്തകങ്ങളെ ഇ ബുക്ക് റീഡർ ആപ്ലിക്കേഷനുകൾ മാറ്റി സ്ഥാപിച്ച ആപ് ഡൗൺലോഡ് ചെയ്യുന്നതിലൂടെ സ്മാർട്ട് ഫോണിലോ റ്റാബിലോ നമുക്ക് ഇഷ്ടപ്പെട്ട പുസ്തകം വായിക്കാവുന്ന സംവിതാനമാണ്ത്. ദാരാളം ഈ ബുക്ക് ആപ്ലിക്കേഷനുകൾ നൂറുകണക്കിന് സൗജന്യ പുസ്തകങ്ങൾ നൽകുന്നു നമുക്ക ഇഷഅടമുള്ള പുസ്തകം വേഗത്തിൽ വായിക്കാൻ സാദിക്കുന്നു പുസ്തകങ്ങൾക്കായി കടകൾ സന്ദർശിക്കേണ്ടതില്ല

പ്രദാന ഈ ബുക്ക് ആപ്ലിക്കേൽനുകൾ

1 ആമസോൺ കിൻഡിൽ

ഏറ്റവും ജന പ്രീയമായ ഈ ബുക്ക് ഈഡർ. ഇത് ആൺട്രോയിഡി ഐ ഒ എസ്സഉപകരണങ്ങളിൽ ലഭ്യമാണ് അവസാന വായനാപേജ് ബുക്ക്മാർക്കുകൾ ഹൈലേറ്റ് എന്നിവയോടുകൂടിയതാണിത്. വായിക്കുമ്പോൾ പുതിവാക്കുകൾ നോക്കുന്നതിന് എളുപ്പമാക്കുന്ന ഒരു ബിൽറ്റിങ്ങ് നികണ്ടു ഇതിൽ ഉൾപ്പെടുന്നു.

2 അൽഡിക്കോ ബുക്ക്റീഡർ

പ്രശസ്തമായ ഈ ബുക്ക് റീഡർ പീഡിഎഫ്,ഈപബ് ഫോർമാറ്റ് പുസ്തകങ്ങൾക്ക് അനുയോജ്യമായ ഈ റീഡറാണിത്. സവിശേൽമായ വായനാനുഭവം വാഗ്ദാനം ചെയ്യുന്നു.

3 കൂൾറീഡർ

ടെക്സ്റ്റ് റ്റു സ്പീച്ച് സൗജന്യമായി നൽക്കുന്ന ഒരേഒരു ഈ റീഡറാപ്ലിക്കേഷനാണ് കൂൾ റീഡർ.

4 എഫ്ബി റാഡർ

എല്ലാത്തര ഉപകരണങ്ങൾക്കും വളരെ യോജിക്കുന്ന ഈ ബുക്ക് റീഡറാണ് ആൺ ട്രോയ്ഡ്, ലിനക്സ്, വിൻറ്റോസ്, ബ്ലാക്ബറ്,എന്നി പ്ലാറ്റ്ഭോമിൽ പ്രവർത്തിക്കുന്നു.സ്ലോവേ,ഫോറാ ,കളർഡിക്റ്റ് തുടങ്ങിയ ജനപ്രീയനിഘണ്ടുകളുമായി സംയോജിപ്പിച്ചിരിക്കുന്നു.

5 മൂൺ റീഡർ
വായനകാരന്റെ മികച്ച ഈ ബുക്കാപ്ലിക്കേഷനാണിത് ഇത് ഒരു അദ്യുതീയ വായനാന്ദം നൽകുന്നു.
6 നൂക്ക്
രമ്ട് ദശലക്ഷത്തിലദികം മാസികകൾ പുസിതകങ്ങൾ പത്രങ്ങളിവ നൽകുന്ന ആപ്ലിക്കേശൻ
ആൺഡ്രോയിഡ് വിൻറ്റോസ് എന്നിവയിൽ നൂക്ക് ആപ്ലിക്കേഷൻ ലഭ്യമാണ്
7 ബ്ലൂഫയൽ റീഡർ
8 മാന്റ്റാനോ റീഡർ ലൈറ്റ്
9 വാട്ട് പാട്
10 കോബോ
തുടങ്ങിയവ വായനയുടെ പുതുപുത്തൻ ലോകം നമുക്ക് സമ്മാനിക്കുന്നു.
അങ്ങനെ കൈയെത്തും ദൂരത്തുനിന്നും കൈപ്പിടിക്കുള്ളിലേക്ക് വായനയുടെ ലോകം കൊണ്ടെത്തിച്ച പുതുപുത്തൻ സാങ്കേതികവിദ്യക്കുമുബിൽ നമസ്കരിക്കുബോഴും ലൈബ്രറിയും പരബരാഗതമായി നാം ചെയ്തുവന്നിരുന്ന പുസ്തകവായനയും നമുക്ക് നൽകിയിരുന്ന സ്വർഗീയ അനുഭൂതി ഇത്തരം സങ്കേതങ്ങളിലൂടെ ലഭിക്കുമോ എന്ന ചോദ്യം ചോദ്യമായിത്തന്നെ അവശേഷിക്കുന്നു. കാലത്തോടോപ്പം കുതിക്കേണ്ടത് അനുവാര്യ മായതിനാൽ ഈ സാങ്കേതിക വിദ്യയെ നമുക്കും പിൻതുടരാം.

അഞ്ജലി ദേവി എസ്സ്

(ഹൈസ്കൂൾ മലയാളം അദ്ധ്യാപിക)



Sreeshanth M.V
VIII-B




# Butterfly

In the wind mulberry tree danced




And in that joy from the branch
Of the tree a closed pupa opened
It is trying to get out from that pupa
Slowly it came out
Wow! What a beautiful butterfly



Its black colour in its wings
Lie as a border, like in picture.
Its yellow colour make it attractive
And its golden shade makes it shiny
It flew around to see its world
Everyone looked at it with surprise
Oh! Little one can you stay
In my garden of lily flower

# നമ്മുടെ വെള്ളം



നമ്മുടെ ജീവൻ വെള്ളം
നമ്മുടെ തോഴൻ  വെള്ളം
ഏവർക്കും ജീവൻ ഏകും
വെള്ളം ഒഴുകും എങ്ങും
പുഴയായ് കടലായ് തോടായ്
ജലമില്ലാത്തൊരു ലോകം

എത്ര ശൂന്യം! നിശ്ചലം നിശ്ചേതനം!
വെള്ളം! വെള്ളം! നമ്മുടെ വെള്ളം!
മണ്ണിലും വെള്ളം, വിണ്ണിലും വെള്ളം
വിയർപ്പിലും വെള്ളം, നമ്മുടെയെല്ലാം
സിരകളിലോട്ടും രക്തത്തിലും വെള്ളം
വെള്ളം! വെള്ളം!

വെള്ളം നമ്മുടെ  ജീവൻ!

## Sreehari Jayaram VIII-A



# Love is impalpable

Which may be divine or humble,
It is latent in the heart
Which may be torn apart,
It can be imbibed
But can't be defined,
It is affection able
Sometimes miserable
It makes you kiss
But don't ever miss,
It is a meaningful truth,
Which is there in youth,
The mystical love
Which flies like a dove,
Can make cheers
Or can fill with tears.



Joshua Renjith
VIII-A

# ലഹരി വിമുക്ത കേരളം

ലഹരി എന്നുപറഞ്ഞാൽ അതൊരു വിഷപദാർത്ഥം ആണ്.ലഹരി പലതരത്തിൽനമ്മളിൽ ബന്ധപ്പെട്ടു നിൽക്കുന്നു.പല ലായിനികളിൽ, മദ്യപാനം , ബ്രൗൺഷുഗർ,കഞ്ചാവ് എന്നിവയെല്ലാം ലഹരി എന്നതിന്റെ ഉത്തമ ഉദാഹരണങ്ങൾ തന്നെ.ലഹരി വസ്തുക്കൾ കുട്ടികളുടെ മുതിർന്ന പ്രായത്തിനിടയിൽ ആണ് ലഹരി വസ്തുക്കൾ ഉപയോഗിക്കുവാനുള്ള പ്രേരണയുണ്ടാക്കുന്നതും ജീവിതത്തിൽ ആദ്യമായി ഉപയോഗിക്കാൻ തുടങ്ങുന്നതുമായ ഘട്ടം.ലഹരി വസ്തുക്കൾ ഒന്നുകിൽ വീട്ടിൽ ലഹരി ഉപയോഗിക്കുക ബന്ധുകൾ,സുഹൃത്തുകൾ ,മുഖേനയും പിതാവിൽനിന്നും, അതിൽ ഒരു പ്രേരണയുണ്ടാക്കി അത് എന്താണ് എന്ന് അറിയാൻ ആയി ഒടുവിൽ അത് ഉപയോഗിക്കുകയും ചെയ്യുന്നു .

ഇങ്ങനെ ഉപയോഗിച്ചും ഒരു കുട്ടിക്ക്അവന്റെ പ്രായത്തിന്റെ അറിവില്ലായിമ കൊണ്ടുതന്നെ ഇതിൽ പിന്നെയും പിന്നെയുംരുചിക്കാൻതന്റെ മനസ്സ് പ്രേരിതപ്പെടുത്തും ഒടുവിൽ താൻ ഇത് ദിവസത്തിൽ ഒരുനേരം കുറച്ചും കൂടി ഉപയോഗിച്ച് ഒടുവിൽ. ആ കുട്ടിക്ക് പിൻമാറാൻ പറ്റാതെ അവനെ ലഹരിയുടെ ലോകത്തിലേക്കു അകപ്പെടുകയും ചെയ്യുന്നു.ഇത് ആദ്യം തന്റെ സുഹൃത്തുകളിൽ നിന്നോ,ബന്ധുക്കളിൽ നിന്നോ,കിട്ടി അതിൽഅകപ്പെടുകയാണ്.

ഓരോ കുട്ടിയും നാടിന്റെ സമ്പത്ത് എന്നാണ് കരുതുന്നത്എന്നാൽ ഇങ്ങനെ ലഹരിയുടെ കൈയിൽ അകപ്പെടുന്നതും അവൻ മരണത്തിലേക്ക് നയിക്കുകയും നാടിന്റെ സമ്പത്തിനെ നശിപ്പിക്കുകയും ചെയ്യുന്നവനാണ് ലഹരി പദാർത്ഥങ്ങൾ. അങ്ങനെ നമ്മുടെ സുഹൃത്തോ,ബന്ധുവോ ആണ് ഇതിൽ അടിമയെങ്കിൽ അവൻ ഒടുവിൽ മരണത്തിന്റെ ഇരയാവുകയും വേറൊരുലോകത്തിൽ പോവുകയും ചെയ്യുന്നു. അങ്ങനെ നമ്മുടെ നാടിന്റെ സമ്പത്ത് ഒരമ്മയുടെ,അച്ഛന്റെയും,മകൻ,ഒരു സഹോദരൻ,നഷ്ടപ്പെടുന്നു. ലഹരി നമ്മളെവിഴുങ്ങുകയാണ് ചെയ്യുന്നത്.

എ.എം.എം.എച്ച്.എസ്.എസ് ഇടയാറന്മുള

ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട കേരളത്തിൽ  നടന്ന പഠനത്തിൽ കുറച്ച് ഞെട്ടിക്കുന്ന കണക്കുകളാണ് വിട്ടത് അതായത് നമ്മൾ ഇക്കാര്യത്തിൽ ഒന്നാം സ്ഥാനത്തേക്ക് എത്തിക്കൊണ്ടിരിക്കുന്നു എന്ന കണക്ക്.

പഞ്ചാബിലായിരുന്നു     ഏറ്റവും വലിയ ഉപഭോക്താക്കളും വിൽപ്പനക്കാരും എന്നാണ് ഇതുവരെ കരുതിയിരുന്നതെങ്കിലും പഞ്ചാബിനെ നമ്മൾ കടത്തിവെട്ടാൻ അധികം സമയമൊന്നും വേണ്ടിവന്നേക്കില്ല എന്നാണ് പഠന റിപ്പോർട്ട്.

പരിശോധനയിൽ പോലും കണ്ടെത്താൻ കഴിയാത്ത നാക്കിനടയിൽ ഒട്ടിച്ച് വെക്കുന്ന മയക്ക് മരുന്ന് പോലും ഇന്ന് നമ്മുടെ വിദ്യാർഥികൾക്കിടയിലും മറ്റും സജീവമായി കൊണ്ടിരിക്കുന്നു. അതിനൊപ്പം പലതരം ഗുളികകളും എത്തുന്നുണ്ട്.ലഹരി വസ്തുകൾ രഹസ്യമായും പണത്തിന്റെ വലുപ്പംകൊണ്ടും ഭരണകർത്താക്കളെ വെട്ടിച്ച് കൊണ്ടും കൃഷിചെയ്യുന്ന ലഹരി വസ്തുകൾ ലോകത്തിന്റെ ഓരോ കോണിലും ഓരോയിടത്തും എത്തിക്കും. ലഹരി വിമുക്തിക്കവേണ്ടി ലോക ലഹരിവിമുക്ത ദിനം 26 തീയതി ലോകത്തിലെ എല്ലാവരും നടത്തിവരുന്നു.ഇതിലൂടെ അകപ്പെട്ട ആളിൽ തിരികെജീവിതത്തിലേക്കു കൊണ്ടുവരാനും,ബോധവൽക്കരിക്കപ്പെടുത്താനും കഴിയും.

ലഹരിഉപയോഗിക്കുന്നതിലൂടെമാരകമായരോഗങ്ങൾക്ക്അടിമകളാകും,കാൻസർ,ഹാർട്ട് രോഗങ്ങൾ,തുടങ്ങിയ രോഗങ്ങൾ,എല്ലാം ഉണ്ടാക്കാൻഏറെ സാധ്യതയുണ്ട്. ലഹരി ഉപയോഗിക്കുന്നവരിൽ ഒടുവിൽ ഉപഭോക്താക്കൾ മരണത്തിൽ കീഴടങ്ങുകയും ചെയ്യുന്നു. ലഹരി വസ്തുകൾ വിഷപദാർത്ഥം ആണ് അത് ഉപയോഗിക്കാനോ ഉപയോഗിപ്പിക്കുവാനോ സമ്മതിക്കരുത് .ലഹരി വിമുക്ത പുതുജീവനെ വാർത്തെടുക്കാം. വിദ്യാലയങ്ങളിൽ  ,തീവണ്ടിസ്റ്റേഷനുകളിൽ,ഇത് കുട്ടികളിൽ കയ്യിൽ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. അന്യസംസ്ഥാനങ്ങളിൽ നിന്നുമെത്തുന്ന ഗുളികകളും മറ്റു ലഹരി ഉപയോഗത്തിനായി കേരളത്തിൽ അവശ്യക്കാരിലേക്ക് യദേഷ്ടം എത്തുമ്പോൾ അതിന് തടയിടാൻ കഴിയാതെ നമ്മൾ നമ്മുടെ വിദ്യാർഥിക-ളെയും യുവാക്കളെയും ബലികൊടുക്കുകയും ചെയ്യുന്നു.ഇങ്ങനെ കേരളത്തിൽ ദിനപ്രതി

ലഹരി ഉപഭോക്താകൾ വർധിക്കുന്നു.അതിന്റ വർധനവു തടയാൻ ആയി കേരളത്തിലെ ഓരോ കോണിലും പോലീസും സൈനികരും നിർബദ്ധ തിരച്ചിലും അന്വേഷണവും നടത്തിവരുന്നു.അതുകൂടാതെ ഇതിൽ നിർബദ്ധമായ നിയമം നമ്മുടെ സർക്കാർ നടത്തിവരുന്നുണ്ട്.എങ്കിലും നമ്മൾഓരോരുത്തരും ചെയ്യേണ്ടത് ലഹരി നമ്മൾ  സ്വയം ഉപേക്ഷക്കുക. നമ്മുടെ കുടുംബത്തിനു വേണ്ടി നമ്മൾ പ്രതിജ്ഞ ചെയ്യുക..........



AROMAL. T.S

X-B

Adam Sha IX-B



# കോഴി! പൂവൻകോഴി



കോഴി കൂവും പൂവൻകോഴി
മുട്ട ഇടാത്തൊരു പൂവൻകോഴി
തടിച്ച് കൊഴുത്തൊരു പൂവൻകോഴി
അങ്ങേ വീട്ടിലെ പൂവൻകോഴി



ചാടിപിടിച്ചു പിരിച്ചു കൊന്നു
കഴുത്ത് മുറിച്ചു തൂവൽ പറിച്ചു.
വെട്ടിയരിഞ്ഞ് കുക്കറിൽ ഇട്ടു.
വെട്ടിവിഴുങ്ങി വയറ് നിറച്ചു.
കൊള്ളാം നല്ലൊരു പൂവൻകോഴി !

Shybin Sabu VIII-A



# ഭൂമി പറയുന്നു

എന്റെ ജീവിതം നിങ്ങളുടെ കൈയിൽ
എന്നെ നശിപ്പിക്കരുതേ
എന്തു തെറ്റു ചെയ്തു ഞാൻ?
എന്റെ മനോഹര മേനി
നിങ്ങൾ വെട്ടിയെടുത്തില്ലേ
എന്റെ മനോഹര മേനി



നിങ്ങൾ പറിച്ച് എടുത്തില്ലേ
എന്റെ രക്തത്തിൽ നിങ്ങൾ
മാലിന്യം നിറച്ചില്ലേ
നിങ്ങൾ ഒന്നറിയൂ..കൂട്ടരേ..
നിങ്ങളുടെ ജീവനും ജീവിതവും
എന്നിലാണ്...



എന്നെ കാത്താൽ
നിങ്ങളെ എനിക്കും കാക്കാനാകും.
കൊല്ലരുതേ...നശിപ്പിക്കരുതേ...
എന്നെ നിങ്ങളുടെയമ്മയെ.........

# സ്വാതന്ത്ര്യം



സ്വാതന്ത്ര്യത്തിൽ ദിനമെത്തി
ഭാരതമക്കൾക്കാഹ്ലാദം
ദേശ പതാക ഉയർത്തീടാം
ദേശ സ്നേഹം പാടിടാം...
ഭാരതമക്കൾ തൻ അഭിമാനം
ഒരുമയോടൊന്നായ് കൊണ്ടാടാം...
സ്വാതന്ത്ര്യത്തിൽ മഹത്വത്തെ
വർണ്ണിച്ചീടാം എന്നെന്നും

ഭാരതത്തിൽ സ്വാതന്ത്ര്യം
നൽകിയ ഗാന്ധിയെ ഒർത്തീടാം...
പറയാം പറയാം ഒന്നോടെ

ഭാരത മാതാ കീ-ജയ്

Sidharth Madhu 9B



എ.എം.എം.എച്ച്.എസ്.എസ് ഇടയാറന്മുള

# ദുരാഗ്രഹിയായി സിംഹം

ഭവാനിപുരം കട്ടിലെ രാജാവായിരുന്ന ഭീമൻ സിംഹം .അവൻ ആരോടും ദയ കാട്ടിയിരുന്നില്ല. അതുപോലെ അത്യാഗ്രഹിയായിരുന്ന .അതിനാൽ കാട്ടിലുള്ള മൃഗങ്ങൾക്കെല്ലാം അവനെ പേടിയായിരുന്നു. വിശപ്പുണ്ടായാലും ഇല്ലെങ്കിലും അവൻ കണ്ണിൽ കാണുന്ന ജീവികളെ എല്ലാ കൊന്നുതിന്നാൻ തുടങ്ങി.ഒരു ദിവസം ഭീമൻ ഭഷണം തേടി കാട്ടിൽ ആലഞ്ഞു നടക്കുകയായിരുന്നു.അപ്പോൾ ഭീമൻ ഒരു മാൻകുട്ടിയേക്കണ്ടു അവൻ അതിനെ ഓടിച്ചിട്ട് പിടിച്ചു.

മാൻകുട്ടി പേടിച്ചുകൊണ്ട് പറഞ്ഞു അല്ലയോ മൃഗരാജാവേ എന്നെ കൊന്നുതിന്നാൽ അങ്ങയുടെവയറ്റിൽ ഒന്നുമാവില്ല. അതാ ഒരു പന്നിക്കുട്ടി വരുന്നു. അതിനെ കൊന്നുതിന്നാൻ അങ്ങയുടെവിശപ്പ് പൂർണമായും മാറ്റാൻ സാധിക്കും.

മാൻ പറഞ്ഞത് ഭീമനും ശരിയായിത്തോന്നി.അവൻ ആ പന്നിയേ ഓടിച്ചുകൊണ്ട് പിടിച്ചു.അപ്പോൾ പന്നി പേടിച്ചുകൊണ്ട് പറഞ്ഞു...ആല്ലയോ മൃഗരാജാ ഇറച്ചിയേക്കാൾ രുചികരവും വലിയ ശരിരവുംമാണ് അതിന്റേത്.അതിനെ തിന്നാൻ അങ്ങയുടെ വിശപ്പ് മാറ്റാൻകഴിയും.


ദുരാഗ്യഹിയായ ഭീമൻ അത് യോജിച്ച തീരുമാനമായി തോന്നി.അവൻ കരടിയേയും ഓടിച്ചിട്ട് പിടിച്ചു.കരടി പേടിച്ചു പിടിച്ചുകൊണ്ട് പറഞ്ഞു.അല്ലയോ തിരുമനസ്സേ എന്നെ വെറുതെ വിട്ടു.എന്നെ തിന്നാൽ അങ്ങയുടെ വയാറ്റിൽ ഒന്നുമാവില്ല.പകരം ആ വരുന്ന കാട്ടുപോത്ത് അങ്ങയ്ക്ക് രണ്ടു ദിവസത്തെ ഭഷണമാകും.എന്നെക്കാൾ രുചികരവും

അതിദുരാഗ്രഹിയായ ഭീമൻ കരടി പറഞ്ഞത് ശരിയായിത്തോന്നി. കാട്ടുചോത്തിനെ പിടിക്കാൻ ഭീമൻ ചെന്നപ്പോൾ,അതിൻ കൂർത്ത കൊമ്പുകൾ കോണ്ട് ഒറ്റകുത്ത് ഭീമൻ ജിവനും കൊണ്ടോടി. അവൻ കരടിയേപ്പിടിച്ച സ്ഥലത്ത് അപ്പോൾ,കരടിയുടെ രോമം പോലും കാണാനില്ല. അവൻ അക്ഷമനായി പന്നിയേ പിടിച്ച സ്ഥലത്തേക്ക് ചെന്നു. അപ്പോൾ പന്നിയുമില്ല പന്നിയുടെ പൊടിപോലുമില്ല.

അവൻ മനസ്സിലോർത്തു.എന്റെ അത്യാഗ്രഹം കൊണ്ടാണ് ഇതൊക്കെ സംഭവിച്ചത്. അവൻ തന്റെ മണ്ടത്തരമോർത്ത് ഇളഭ്യനായി മടങ്ങി. പിന്നിട്ടുള്ള കാലം അവൻ അത്യാഗ്രഹമൊക്കെ ഉപേക്ഷിച്ചു ജീവിച്ചു .

ASWIN JYOTHI

VIII-A



# HOBBIES

WE SHOULD CULTIVATE HOBBIES BECAUSE IT HELPS US TO MAKE OUR TIME USEFUL . USUALLY HOBBIES ARE SOME THINGS WHICH WE LIKE , AND

WE DELIBERATELY LIKE DOING IT .AS THE NATURE OF HUMAN BEINGS ,THEY LIKE DOING WHAT THEY LIKE . SO WE DO NOT FEEL ANY HARDSHIPS IN DOING IT. HOBBIES ARE PART OF HUMAN LIFE.

'HOBBIES VARY FROM PERSON TO PERSON .

PEOPLE HAVE DIFFERENT HOBBIES. WE SAY "NO TWO INDIVIDUALS ARE ALIKE" ,+LIKEWISE NO TWO INDIVIDUALS WILL HAVE THE SAME VISION IN HOBBY EVEN IF THEY HAVE THE SAME HOBBY. SAY, IF TWO PEOPLE HAVE GARDENING WILL BE ENTIRELY DIFFERENT . IF ONE LIKES FLOWERING PLANTS, THE OTHER GO FOR MODERNIZED GARDENING . THERE ARE MANY TYPES OF HOBBIES , GARDENING , READING , COLLECTING STAMPS ,COLLECTING COINS , COLLECTING PICTURES , SERVING SOCIETY ETC.. PEOPLE DO IT ACCORDING TO THEIR LIKES.

NO DOUBT THEIR HOBBY TURNS TO THEIR BRIGHTEST STAR . LIKELY , MANY OF OUR HOBBIES ARE USEFUL TO US .

IF ONE HAS AGRICULTURE AS ONES HOBBY ,HE CAN GAIN MONEY BY SELLING THE AGRICULTURE PRODUCTS.

THUS THEY

GAIN KNOWLEDGE OF THE SOCIAL SYSTEM PREVAILING IN DIFFERENT COUNTRY AT DIFFERENT AGES .THEY GO DEEP ROOTED IN THAT PARTICULAR SUBJECTS .SOME PEOPLE ARE

INTERESTED IN SERVING THE POOR AND NEEDY. THUS THEY

TAKE IT AS THEIR HOBBY . AS IT IS HOBBY ,THEY DO IT VERY

WELL .WE SHOULD ENCOURAGE OUR YOUNG GENERATION

TO ENGAGE IN HOBBIES WHICH ARE USEFUL TO OURSELVES AND SOCIETY.

G. RAMAKRISHNAN

IX-A



# ROAD ACCIDENT

OVER SPEED IS DANGEROUS SPEED THRILLS BUT KILLS WE ARE FAMILIAR WITH SUCH POSTERS. WE FIND THESE POSTERS ON ROADSIDES AND PUBLIC VEHICLES. BUT THE FACT IS THAT THEY REMAIN AS POSTERS ONLY. MANY OF OUR PEOPLE EVEN IF THEY SEE THEM, THEY DO NOT TRY TO OBEY IT. HUNDREDS OF ROAD ACCIDENTS ARE TAKING PLACE IN OUR COUNTRY. THE DEATH COLUMNS IN OUR NEWS PAPERS ARE FILLED WITH ACCIDENTS DEATHS

SOME OF THE REASONS FOR ROAD ACCIDENT ARE :-

1- OVER SPEED, COMPETITIONS

2- CARELESS DRIVING

3- DRIVING BY THE DRUNKARDS

4- DAMAGED ROADSIDE

5- USING MOBILE PHONES WHILE DRIVING

6- USAGE OF DAMAGED VEHICLES

7- AVOIDING TRAFFIC RULES

KERALA KNOWN AS GODS OWN COUNTRY IS NOW BECOMING THE LAND OF ACCIDENTS. COMPARING WITH OTHER STATES , KERALA HAS THE FIRST PLACE FOR ACCIDENTAL DEATHS. THE ROADS OF KERALA ARE NOW FILLED WITH VEHICLES. MAJORITY OF THEM ARE TWO WHEELERS. MOST OF ACCIDENTS ARE CAUSED BY TWO WHEELERS.

IF WE LOOK INTO THE ROAD ACCIDENTS, MAJORITY OF THEM ARE CAUSED BY DRUNKARDS. MANY OF THEM ARE CAUSED BY THE DAMAGED CONDITION OF OUR ROADS. THE TARRED ROADS IN OUR STATE ARE WIPED OFF SOON AFTER A HEAVY RAIN.

AS A CITIZEN, WE HAVE TO FULL FILL CERTAIN DUTIES. SOCIAL LIBERTY IS AS IMPORTANT AS INDIVIDUAL LIBERTY CARELESSNESS OF ONE,MAKE CAUSE TO ACCIDENTS .THIS IS NOT GOOD. SO WE HAVE TO FIND OUT SOME REMEDIAL MEASURES TO AVOID THESE ACCIDENT . A PENALTY AND

PUNISHMENT SHOULD HE INCLUDED TO THOSE WHO DRIVES WITHOUT OBEYING THE TRAFFIC RULES . THE INCREASE IN VEHICLES IN OUR ROAD IS ALSO A CRISIS. AN AWARENESS CAMPAIGN SHOULD BE GIVEN RELATING THESE SUBJECTS. WE CAN DO THIS WITH THE HELP MEDIA'S .

"LIFE IS PRECIOUS,DON'T DESTROY IT".

SAHAD MON PS

IX-A



# ആമയും മുയലും

ഒരു ദിവസം ആമയും മുയലും ഒരു പന്തയം വെയ്ക്കാൻ തീരുമാനിച്ചു. പന്തയം വച്ചത് ഓട്ടമത്സരം നടത്താനാണ്. ഇരുവരും തുടങ്ങുന്നടത്തു പോയി നിന്നു,മത്സരം തുടങ്ങി. മുയൽ ഓടി,ആമ പതുക്കെ വന്നു. മുയൽ ക്ഷീണിച്ചു.ഒരു മരച്ചുവടിൽ ഇരിപ്പായി.ആമ ആ തക്കത്തിന് ഫിനിഷിങ്ങ് പോയിന്റിൽ എത്തി. ആമ ജയിക്കുകയും,മുയൽ ഞെട്ടി പോയി.

ASHWIN.S
V-B



# എന്റെ കേരളം

എത്ര  സുന്ദരമാണ് എന്റെ കേരളം.

എത്ര ഭംഗിയാണ്  എന്റെ കേരളം.

എത്രഫലഭ്രൂഷ്ടി നിറഞ്ഞതാണ് എന്റെ കേരളം.

എത്ര എത്ര വരധാനികൾ നിറഞ്ഞതാണ് എന്റെ കേരളം.

സൂര്യപ്രകാശം കൊണ്ട് തിളങ്ങുകയാണ് എന്റെ കേരളം.



ASHWIN MOHAN

VII-A



# ജാലകാഴ്ച്ചകൾ

എൻ ജാലകത്തിൻ തിരശീലമാറ്റിഞാൻ-
നോക്കിയപ്പോൾ എത്ര സുന്ദരമീ-
ലോക കാഴ്ച്ചകൾ എത്രസുന്ദരമീ-
തെരുവിൻ കാഴ്ച്ചകൾ ...............

നിറപ്പകിട്ടുള്ള ഈ കാഴ്ച്ചകൾ എന്നെ കോരിത്ത-
രിപ്പിച്ചു എൻ ജനലിലൂടെ കണ്ടു
പോയ് ഒരു ഭ്രാന്തൻ അവി-
ടെ ചുറ്റിത്തിരിയുന്നു.

ഒരു വേള അവനോന്നു പൊട്ടിച്ചിരിക്കുമ്പോൾ
മരറു വേള അവനാകെ തേങ്ങിക്കരഞ്ഞു പോയ്,
പിന്നെ ഞാൻ കണ്ടു പിഞ്ചുകുഞ്ഞുങ്ങൾ തൻ-
സന്തോഷ പൂത്തിരി, പിന്നെയും കേട്ടു -

ഞാൻ പിഞ്ചുകുഞ്ഞുങ്ങൾ തൻ മണിനാദങ്ങൾ
എൻ മനതാര് പെട്ടെന്നുചോന്നു.
ആഹാ എത്ര സുന്ദരമി ബാല്യകാലം.
പെട്ടെന്നു എൻ മിഴികളാവാർത്തയിൽ ഉരസിപ്പോയി.

പെൺ കിടാങ്ങൾ  തൻ പീഢന വാർത്തകൾ

എന്തിനെന്നറിനാതെ വീണ്ടും ഞാനെന്തിനോ വേണ്ടി കര-

ഞ്ഞു പിന്നെ  ഞാൻ കണ്ടുനന്മതൻ  പൂന്തോ -

പ്പിലെ  റോസാച്ചെടികളും .

തിന്മതൻ  പൂന്തോപ്പിലെ കള്ളിമുൾച്ചെടിയും,

എല്ലാം മാനവർ തൻ പ്രതിരൂപങ്ങൾ ..........

ADITHYA AJI KUMAR

VIII-A




# Our Life

Our life is a tricky journey,
it can be short as seeds
or it can be long as oceans.

It is a journey,
of joys and sorrows.
No guarantee for happiness
in every tomorrow.

And when the journey finally ends,
we"ll claim a great reward.
And find an everlasting peace
together with the lord

Andrew Ben Anish
VIII-B



# "നവജീവൻ" ഷോർട് ഫിലിം

ലഹരിവിരുദ്ധ ക്യാമ്പസ് എന്ന ലക്ഷ്യവുമായി ഇടയാറന്മുള എ എം എം ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ്, വിമുക്തി ,ഫിലിം ക്ലബ്ബുകളുടെ അഭിമുഖ്യത്തിൽ "നവജീവൻ" എന്ന കുട്ടികളുടെ ഷോർട് ഫിലിമിന്റെ ചിത്രീകരണ ഉദ്ഘാടനം ഹെഡ്മിസ്ട്രസ് അന്നമ്മ നൈനാൻ ടീച്ചർ നിർവഹിച്ചു .

ഈ ചിത്രത്തിന്റെ തിരക്കഥ ,സംവിധാനം ഞങ്ങളുടെ സ്കൂളിലെ ഒൻപതാം ക്ലാസ് വിദ്യാർഥിയായ അനന്തു കൃഷ്ണൻ എ ആണ് നിർവഹിച്ചത് . ഛായാഗ്രഹണവും ചിത്രസംയോജനവും നടത്തിയത് അതേ ക്ലാസ്സിലെ വിദ്യാർഥിയായ ശ്രീജുകൃഷ്ണയാണ് . ലഹരിക്കടിമയായ കഥാപാത്രത്തെ വേഷമിടുന്നത് ആരോൺ മാത്യുവാണ് .   അധ്യാപകരായി ശ്രീമതി ആശ പി മാത്യുവും റിൻസു സൂസൻ ജോർജും   വേഷമിടുന്നു.

ഈ ചിത്രത്തിൽ ലഹരി വില്പനകാരന്റെ വേഷമിടുന്നത് ഞങ്ങളുടെ സ്കൂളിലെ വിദ്യാർത്ഥിയുടെ രക്ഷിതാവായ ഷിംജിത് ചോല എന്നുള്ളത് ശ്രദ്ധേയമാണ്.

ഈ ചിത്രത്തിന്റെ ചിത്രീകരണം പൂർണമായും ഞങ്ങളുടെ സ്കൂളിനെയും പരിസരത്തെയും ബന്ധപ്പെടുത്തിയാണ് നടന്നത് .

ചിത്രത്തിന്റെ  പ്രദർശന ഉദ്ഘാടനം പത്തനംതിട്ട ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ .ജോർജ് മാമ്മൻ കൊണ്ടൂർ നിർവഹിച്ചു .ഇതിന് എതിരേ  ഞങ്ങളുടെ സ്കൂളിലെ ലിറ്റിൽ  കൈറ്റ് യൂണിറ്റിലെ കുട്ടികൾ നവജീവൻ എന്ന പേരിൽ ഒരു ഷോർട് ഫിലിം രൂപികരിച്ചു.ഷോർട് ഫിലിം പൂർണമായും സ്കൂളിലും സ്കൂൾ പരിസരത്തുമായാണ് ചിത്രീകരിച്ചത്. ഡബ്ബിങ് ,എഡിറ്റിംഗ് തുടങ്ങിയവ സ്കൂൾ ഐ .ടി ലാബിൽ വച്ചാണ് ചിത്രീകരിച്ചത്.



# സേഫ് സൗണ്ട് ബോധവത്കരണ  പരിപാടി



പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ  ഭാഗമായുള്ള ഗ്രീൻ പ്രോട്ടോക്കോളിന്റെ തുടർച്ചയായി വിദ്യാർത്ഥികളുടെ ആരോഗ്യത്തിനു ഹാനികരമാകുന്ന കടുത്ത ശബ്ദവിദ്യാർത്ഥികളിൽ നിന്നും ഒഴിവാക്കുന്നതിനുള്ള സുരക്ഷിത ശബ്ദമേഖല ക്യാമ്പസ് പദ്ധതിക്ക് ഒക്ടോബർ  –  1 മുതൽ തുടക്കം കുറിച്ചു.

ഇതിന്റെ ഭാഗമായി ഇടയാറന്മുള എ എം എം ഹയർ സെക്കന്ററി സ്കൂളിൽ ഒക്ടോബർ – 1 സുരക്ഷിത ശബ്ദ  ദിനമായി ആചരിച്ചു .പൊതു വിദ്യഭ്യാസ  വകുപ്പ്  ഇന്ത്യൻ മെഡിക്കൽ അസോസിയേഷനുമായി സഹകരിച്ചു വിസിറ്റേഴ്സ് ചാനലിലൂടെ നടന്ന സേഫ് സൗണ്ട് ബോധവത്കരണ  പരിപാടി പ്രസ്തുത ദിവസം ഞങ്ങളുടെ സ്കൂളിൽ സംപ്രേഷണം ചെയ്തു.

എല്ലാ വിദ്യാർത്ഥികൾക്കും പരിപാടി കാണാനുള്ള സംവിധാനം ലിറ്റിൽ കൈറ്റ്സ് കുട്ടികൾ പ്രത്യേകം ക്രമീകരിച്ചു .

അമിതമായ ശബ്ദത്തിന്റെ ദൂഷ്യഫലങ്ങൾ വ്യക്തമാകുന്ന പോസ്റ്റർ പ്രദർശനം സ്കൂളിൽ നടത്തി .

ഈ പരിപാടിയുമായി ബന്ധപ്പെടുത്തി ലിറ്റൽ കൈറ്റ്സിന്റെയും ഹെൽത്ത് ക്ലബിന്റെയും ആഭിമുഖത്തിൽ വല്ലന ഹെൽത്ത് സെൻററിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീമതി  അജിത ഒ ശബ്ദ മലിനീകരണത്തെയും മൊബൈൽ ഫോണിന്റെയും ഉച്ചഭാഷിണിയുടെയും ദൂഷ്യ ഫലങ്ങൾ വ്യക്തമാകുന്ന പ്രസേൻറ്റേഷൻ ഉൾപ്പെടുന്ന ക്ലാസുകൾ നടത്തി.
പിന്നീട് സ്കൂൾ ചെയർമാൻ സഹദ് മോൻ പി സ് ക്ലാസ്സിനെ കുറിച്ചുള്ള ഫീഡ് ബാക്കുകൾ നടത്തി.








## ഡിജിറ്റൽ ഓണാഘോഷ പരിപാടികൾ 2019

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രത്യേക നിർദ്ദേശ പ്രകാരം സെപ്തംബർ 2 ന എ .എം. എം ഹയർ സെക്കൻഡറി സ്കൂളിൽ ഓണാഘോഷ പരിപാടികൾ നടന്നു. ഡിജിറ്റൽ പൂക്കളമത്സരങ്ങളുടെ ഉദ്ഘാടനം  സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി അന്നമ്മ നൈനാൻ നിർവഹിച്ചു.

ഡിജിറ്റൽ പൂക്കളം എന്ന നൂതന ആശയം കുട്ടികളിൽ ഡിജിറ്റൽ സാങ്കേതിക വിപ്ലവം സൃഷ്ടിക്കുന്നുവെന്നു വിദ്യരംഗം കൺവീനർ ശ്രീമതി അഞ്ജലി ദേവി അഭിപ്രായപ്പെട്ടു.

ഭിന്നശേഷി കുട്ടികൾക്കും യു. പി തലത്തിലുള്ള കൊച്ചുകുട്ടുകാർക്കും ഈ ഓണാഘോഷത്തിൽ സാങ്കേതിക വിദ്യയിലുള്ള കഴിവ് പ്രകടിപ്പിക്കുന്നതിനുള്ള അവസരം ഈ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് നൽകുകയുണ്ടായി എന്നുള്ളത് സ്കൂളിന്റെ എടുത്തു പറയത്തക്ക നേട്ടമാണ്.

ടെസ്റ്റ്പെയിന്റ്,ജിമ്പ് തുടങ്ങിയ സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള ഈ മത്സരത്തിന് നേതൃത്വം നൽകിയത് സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റാണ് .പരിശീലത്തിനു നേതൃത്വം നൽകിയത് ക്ലബ് മിസ്ട്രസ് ആയ ശ്രീമതി ആശ പി മാത്യു ആണ്.

ധാരാളം കുട്ടികൾ പങ്കെടുത്ത ഈ മേളയുടെ പൂക്കൾ പ്രദർശനം  നടക്കുകയുണ്ടായി.

**പൂക്കള മത്സരത്തിൽ യു പി വിഭാഗം ഒന്നാം സ്ഥാനം റെബേക്ക മറിയം കുര്യനും എച്ച് എസ് വിഭാഗം അക്ഷയ എം നായരും കരസ്ഥമാക്കി രണ്ടാം സ്ഥാനം യഥാക്രമം ആകാശ് ഗിരീഷ് ,ശ്രീജുകൃഷ്ണൻ എന്നിവർ നേടി.**















# എക്സ്പോ 2019



ഇടയാറന്മുള എ.എം.എം.ഹയർസെക്കണ്ടറി സ്കൂളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ വാരാചരണത്തോടനുബന്ധിച്ച് കുട്ടികൾ തയാറാക്കിയ അനിമേഷനുകൾ,സ്ക്രാച്ച് സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള ഗെയിമുകൾ, ഡിജിറ്റൽ പെയിന്റിംഗ്, ഇലക്ട്രോണിക്ക് ബ്ലൈന്റ് സ്റ്റിക്ക്, റാസ്ബറി പ്രോഗ്രാമിങ്ങ് തുടങ്ങിയവയുടെ പ്രദർശനവും വിവിധ ക്ലബുകളുടെ ആഭിമുഖ്യത്തിൽ എക്സ്പോ 2019 എന്ന പേരിൽ നടത്തപ്പെട്ടു .

വിദ്യാർഥികളുടെ മികവുകളുടെ സംഗമമായ എക്സ്പോ 2019 ന്റെ ഉദ്ഘാടനം പത്തനംതിട്ട ജില്ലാ പഞ്ചായത്ത് വൈസ്പ്രസിഡന്റ് ശ്രീ ജോർജ് മാമ്മൻ കോണ്ടൂർ നിർവഹിച്ചു.

സ്കൂളിന്റെ അടിസ്ഥാനവിവരങ്ങളും അധ്യാപകരുടെയും കുട്ടികളുടെയും വിവരങ്ങൾ ഉൾപ്പെടുന്ന സമേതം സൈറ്റിന്റെ ബാർകോഡ് പ്രകാശനം തിരുവല്ല വിദ്യാഭ്യാസ ജില്ലയുടെ മാസ്റ്റർ ട്രയിനർ ശ്രീ സുദേവ് കുമാർ സാർ നിർവഹിച്ചു.

വിവിധ പ്രമുഖർ ഉൾപ്പെടുന്ന എക്സ്പോയുടെ അധ്യക്ഷൻ സ്കൂൾ മാനേജർ റവ: ജോൺസൺ വർഗ്ഗീസായിരുന്നു. വിവിധ സ്കൂളുകളിലെ കുട്ടികളും അധ്യാപകരും എക്സ്പോ 2019 ന്റെ പ്രദർശന സന്ദർശനത്തിനായി കടന്നു വന്നു. ഇത് അവർക്ക് ഒരു പുത്തനനുഭവമായിരുന്നു.
കുട്ടികളുടെയും ആധ്യാപകരുടെയും അഭിപ്രായങ്ങളെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ രേഖപ്പെടുത്തി.

# വായനക്ക് ഒരു ദിനം ...അതാണ് ജൂൺ 19



കേരള ഗ്രന്ഥശാലസംഘത്തിന്റെ സ്ഥാപകനായ പി എൻ പണിക്കരുടെ ചരമദിനമാണ് വായനാദിനമായി നാം ആചരിക്കുന്നത് . വായിച്ചു വളരുക എന്ന സന്ദേശം ജനങ്ങളിൽ എത്തിച്ച പി എൻ പണിക്കരെ സ്മരിക്കാനുള്ള ദിനം കൂടിയാണ്.


പുതു തലമുറയ്ക്ക് വായനയിൽ കമ്പം കുറയുകയും വായനയ്ക്ക് പുതിയ മുഖങ്ങൾ വരികയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ വായന മാസാചരണത്തിന്റെ ഭാഗമായി ഇടയാറന്മുള എ എം എം ഹയർ സെക്കൻഡറി സ്കൂളിൽ കഥാരചന ,ഉപന്യാസരചന ,കാർട്ടൂൺ ,ക്വിസ് ,പോസ്റ്റർ രചന കവിത രചന തുടങ്ങിയ മത്സരങ്ങൾ വിദ്യാർഥികൾക്കായി നടത്തുകയുണ്ടായി .കുട്ടികളുടെ വായനകുറിപ്പുകൾ ഉൾപ്പെടുത്തി ഹൈഡ് & സീക്ക് എന്ന പേരിൽ കൈയെഴുത്തു മാസിക പുറത്തിറക്കി.

ഈ വർഷത്തെ പുതിയ പ്രവർത്തനം ...മാതാപിതാക്കളുടെ ഉള്ളിൽ ഉറങ്ങി കിടക്കുന്ന കഴിവുകളെ ഉണർത്തി പ്രത്യേകം തയാറാക്കിയ കൈയെഴുത്തു മാസികയായ മഷിത്തണ്ട് പുറത്തിറക്കി . വായനയുടെ ലോകത്തിലേക്ക് വാതായനങ്ങൾ തുറന്നിട്ടിരിക്കുകയാണ് നമ്മുടെ സ്കൂൾ ഗ്രന്ഥശാല .

ഇനിയും അസ്തമിക്കാത്ത വായന അപൂർവ വസ്തുവായി മാറാതിരിക്കാൻ വായനാദിനം ഇടയാകട്ടെ . പുസ്തക സമാഹരണം വായനജ്വാല എന്ന പേരിൽ കുട്ടികൾ വായിച്ച പുസ്തകങ്ങളും പുതിയ പുസ്തകങ്ങളും ലൈബ്രറിയിലേക്ക് സംഭാവന ചെയ്യുന്നു. വിവിധ മത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയവർക്ക് സമ്മാനദാനം സീനിയർ അധ്യാപകൻ ശ്രീ അനീഷ് ബെഞ്ചമിൻ സർ നിർവഹിച്ചു..

# ഫിറ്റ് ഇന്ത്യ മൂവ്മെന്റ്

ഇടയാറന്മുള: വിജയത്തിലേക്ക് എളുപ്പ വഴികൾ ഇല്ലെന്നും പടികൾ നടന്നു കയറുക തന്നെ വേണമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി.പടികൾ കയറണമെങ്കിൽ നമ്മൾ പൂർണ ശാരീരികക്ഷമതയുള്ളവരായിരിക്കണം. ശാരീരികക്ഷമതയുള്ളവരുടെ അതിര് ആകാശമായിരിക്കും....ശരീരം ആരോഗ്യമുള്ളതാണെങ്കിൽ മനസ്സും അങ്ങനെ തന്നെയാകുമെന്നും പ്രധാനമന്ത്രി പറഞ്ഞു....ദേശീയ കായിക ദിനത്തോട് അനുബന്ധിച്ചു സംഘടിപ്പിച്ച 'ഫിറ്റ് ഇന്ത്യ മൂവ്മെന്റ്' ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം...ഡൽഹിയിലെ ഇന്ദിരാ ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന പരിപാടിയിൽ കേന്ദ്ര മന്ത്രിമാരും, സ്കൂൾ വിദ്യാർഥികളും സെലിബ്രിറ്റികളും ഉൾപ്പെടെ നിരവധി ആളുകൾ പങ്കെടുത്തു.... ഞങ്ങളുടെ സ്കൂളിൽ ഈ പരിപാടിയുടെ തത്സമയ പ്രക്ഷേപണം  ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ നേതൃത്വത്തിൽ നടത്തി.



# ചന്ദ്രയാൻ 2 വിക്ഷേപണം



ഐ.എസ്.ആർ.ഒ.യുടെ ചരിത്രത്തിലെ ഏറ്റവും സങ്കീർണമായ ദൗത്യമായാണ് ചന്ദ്രയാൻ-2 വിക്ഷേപണം അറിയപ്പെടുന്നത്. 3.8 ടണ്ണാണ് പേടകത്തിന്റെ ഭാരം. ദൗത്യം വിജയിച്ചാൽ ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ പര്യവേക്ഷണപേടകമിറക്കുന്ന ആദ്യരാജ്യമാകും ഇന്ത്യ. ശ്രീഹരിക്കോട്ടയിൽ നിന്നുള്ള വിക്ഷേപണത്തിനു ശേഷം ഓർബിറ്റർ ചന്ദ്രനു 100 കിലോമീറ്റർ മുകളിലുള്ള ഭ്രമണപഥത്തിലെത്തും. തുടർന്ന് റോവർ ഉൾപ്പെടെയുള്ള ലാൻഡർ മൊഡ്യൂൾ വിട്ടുമാറി ചന്ദ്രോപരിതലത്തിലേക്കു പറന്നിറങ്ങും. ചന്ദ്രനിൽ എത്തിയശേഷം ലാൻഡറിൽ നിന്നു റോവർ വേർപെട്ട് ഉപരിതലത്തിലേക്കിറങ്ങി പര്യവേക്ഷണം നടത്തും.

കഴിഞ്ഞ മെയ് മാസത്തിലാണ് വിക്ഷേപണം നടത്താൻ ആദ്യം നിശ്ചയിച്ചിരുന്നത്. എന്നാൽ ഇസ്രായേലിന്റെ പര്യവേക്ഷണമായ ഫാൽകൺ ദൗത്യം ചന്ദ്രനിൽ ഇടിച്ചിറങ്ങി പരാജയപ്പെട്ടിരുന്നു. ഈ പരാജയം വിലയിരുത്തി കൂടുതൽ പരീക്ഷണങ്ങളും പ്രതിസന്ധി നേരിടാനുള്ള മാർഗങ്ങളും പഠിച്ചതിന് ശേഷമാണ് ചന്ദ്രയാൻ-2 ദൗത്യത്തെ വിക്ഷേപിക്കാനൊരുങ്ങുന്നത്.

ചന്ദ്രയാൻ -2 വിക്ഷേപണംആദ്യം 14 ജൂലൈ 2019 ന് (15 ജൂലൈ 2019 2:51 IST ന് ഷെഡ്യൂൾ ചെയ്തിരുന്നു. എന്നാൽ ലോഞ്ചറിലെ സാങ്കേതിക തകരാർ കാരണം വിക്ഷേപണം ആരംഭിക്കുന്നതിന് 56 മിനിറ്റ് മുമ്പ് റദ്ദാക്കി. പിന്നീട് ജൂലൈ 22 ആം തീയതി പുതിയ വിക്ഷേപണ തീയതിയായി തീരുമാനിക്കുകയും 22 ന് ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2.43 ന് ചന്ദ്രയാൻ 2 വിജയകരമായി വിക്ഷേപിക്കുകയും ചെയ്തു.

മുത്തയ്യ വനിതയാണ് പ്രോജക്ട് ഡയറക്ടർ. ഋതു കരിഘൽ ആണ് മിഷൻ ഡയറക്ടർ.

ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ സാനിദ്ധ്യത്തിൽ ചന്ദ്രയാൻ -2 വിക്ഷേപണം വിവിധ ക്ലാസ്സുകളിലെ കുട്ടികളെ കാണിക്കാൻ ഞങ്ങൾക്ക് ഭാഗ്യം ഉണ്ടായി.



# Photo Section







# PHOTO SECTION


6 A


6 B


6 C


7 A


7B


7C


8 A


8 B


8 C


8 D


9 A


9 B


9 C


10 A


10 B


10 C


Law Training






**എം. പി .ടി . എ ട്രയിനിങ്ങിനെ കുറിച്ചുള്ള നിർദ്ദേശങ്ങൾ കൈറ്റ് പത്തനംതിട്ടയിൽ നിന്നും ലിറ്റിൽ കൈറ്റ്സ് ഇടയാറന്മുളക്ക് കൈമാറുന്നു**



# അമ്മമാർക്കുള്ള പരിശീലന പരിപാടി

കേരളത്തിലെ ഓരോ ക്ലസ്സ്മുറിയിലും പുതിയതായി ഉൾച്ചേർത്ത സാങ്കേതിക സജ്ജീകരണങ്ങളെക്കുറിച്ചും അതിനനുസരിച്ച് പാഠപുസ്തകങ്ങളിലും പാഠവിനിമയത്തിലും വന്നിരിക്കുന്ന മാറ്റങ്ങളെകുറിച്ചും ഏറ്റവും ബോധവതിയാകേണ്ടത് അമ്മതന്നെയാണ് എന്ന ഉദ്ദേശ്യത്തോടെ പത്തനംതിട്ട ജില്ലയിലെ ഇടയാറന്മുള എ . എം .എം . ഹയർ സെക്കന്ററിസ്കൂളിൽ ലിറ്റിൽകൈറ്റസിന്റെ ആഭിമുഖ്യത്തിൽ അമ്മമാർക്കുള്ള പരിശീലനം നടന്നു . ലിറ്റിൽകൈറ്റ്സ് കുട്ടികൾ വിവിധ ആപ്പുകൾ ഇൻസ്റ്റോൾ ചെയ്യാൻ അവരെ സഹായിച്ചു . ഡിജിറ്റൽ ലേർണിം റിസോഴ്സിലൂടെ പഠനസാധ്യതകളും സമഗ്ര ലേർണിംഗ് പോർട്ടലിന്റെ ഉപയോഗവും അവരെ പരിചയപ്പെടുത്തി . സമേതം പോർട്ടലിൽ വഴി സ്കൂൾവിവരങ്ങൾ സമൂഹത്തിലെ ഏതൊരാൾക്കും ലക്ഷ്യമാകുമെന്നും വിക്ടേഴ്സ്ചാനലും അതിന്റെ ആപ്പും പരിചയപ്പെടുത്തി കുട്ടിയുടെ ജീവിതത്തിൽ അമ്മമാർക്കുള്ള പങ്ക് എന്താണെന്നുള്ള ഈ പരിശീലനത്തിലൂടെ വ്യക്തമാക്കി . പരിശീലനത്തിന് കുട്ടികളും കൈറ്റ്സ് മിഡ്സ്ട്രസ് നേത്രുത്വം വഹിച്ചു . അമ്മമാരാണ് കുട്ടികളെ ഏറ്റവും അടുത്തറിയുന്നവരെന്നും , ഈ കാലഘട്ടത്തിലെ കുട്ടിയുടെ പഠനകാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ പഠിപ്പിക്കുന്നതിന് അവരുടെ പഠനരീതികളെക്കുറിച്ചും പുതിയക്ലാസ്സ് മുറികളെക്കുറിച്ചും അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണെന്നും ഈ പരിശീലനത്തിലൂടെ അവർ മനസിലാക്കി ഇന്റർനെറ്റിൽകുട്ടികൾ ഇടപെടുമ്പോൾ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ ഏതാണെന്നും പരിശീലനത്തിലൂടെ വ്യക്തമാക്കി. എല്ലാ അമ്മമാരെയും സ്മാർട്ടാക്കാൻ ലിറ്റിൽകൈറ്റ്സ് കുട്ടികൾക്ക് ഈ പരിശീലനത്തിലൂടെ സാധിച്ചുവെന്നത് ഞങ്ങളുടെ സ്കൂളിന്റെ നേട്ടമാണ് .

# വിദ്യാരംഗം കലാസാഹിത്യവേദി 2019-20

ഓരോ വിദ്യാലയത്തിലും സജീവമായ സർഗ്ഗകൂട്ടങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ അനുവതിയോടുകൂടിയുള്ള ഒരു കൂട്ടായ്മയാണ് വിദ്യാരംഗം. കലാസാഹിത്യ വേദി ജൂൺ 19 ന് പൂക്കളെത്തേടി എന്ന പ്രവർത്തനത്തിൽ നിന്ന് സർഗ്ഗ പ്രതിഭകളെ കണ്ടെത്തുകയും . കഥക്കൂട്ടം , കവികൂട്ടം , വരക്കൂട്ടം , ആലാപനകൂട്ടം , പാട്ടുകൂട്ടം , അഭിനയകൂട്ടം , ആസ്വാദനകൂട്ടം , എന്നീ വിഭാഗങ്ങളിലായി അവരുടെ സർഗ്ഗശേഷികളെ പരിഭോഷിക്കുകയും ചെയ്തുവരുന്നു... പൂക്കളെത്തേടി എന്ന പ്രവർത്തനത്തിൽ നിന്ന് സർഗ്ഗ പ്രതിഭകളെ കണ്ടെത്തുകയും. കുട്ടികളുടെ സാഹിത്യസൃഷ്ടികൾ എഴുതിയിടുക എന്ന ലക്ഷ്യത്തിൽ "അക്ഷരപൂക്കട" എന്ന പേരിൽ ഒരു പെട്ടി സ്ഥാപിക്കുകയുണ്ടായി. കുട്ടികൾ താല്പര്യത്തോടുകൂട്ടി തങ്ങളുടെ സൃഷ്ടികൾ ഈ പെട്ടിയിൽ ഇടുകയും മാസത്തിൽ ഒരുതവണ വിദക്തർ അത് വിലയിരുത്തുകയും ചെയ്യുന്നു ഉപജില്ലാ സർഗോത്സവത്തിൽ ധാരാളം കുട്ടികൾ പങ്കടുക്കുകയും ജില്ലാതലത്തിലേയ്ക്ക് തിരഞ്ഞെടുക്കുകയും ചെയിതിട്ടുണ്ട് സംസ്ഥാനതല പ്രബന്ധ മത്സരങ്ങളിൽ പങ്കാക്കെടുക്കുവാൻ നമ്മുക്ക് സാധിച്ചു എന്നത് ഏറെ അഭിനന്ദാർഹമാണ്. Feb 24 ലോകമാതൃഭാഷ ദിനത്തോടനുവന്ദിച്ചു ഒന്നു കൂടി ഒരു മാഗസിൻ എന്ന പ്രോഗ്രാമിന്റെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് കുട്ടികളും മാഗസിൻ നിർമാണത്തിന്റെ പണിപ്പുരയിലാണ്......



# J R C 2019-20



എ.എം.എം.എച്ച്.ഹയർ സെക്കണ്ടറി സ്കൂളിൽ ഒക്ടോബർ 15 ആഗോള കൈകഴുകൽ ദിനവുമായി ബന്ധപ്പെടുത്തി ഇടയാറന്മുള എ.എം.എം.എച്ച്.ഹയർ സെക്കണ്ടറി സ്കൂളിൽ ആചരിക്കുകയും

കൈ കഴുകലിന്റെ പ്രാധാന്യം സംബന്ധിച്ച അവബോധം കുട്ടികളിൽ

ഉണ്ടാക്കുന്നതിന് ചിത്രകഥാരചന ഉൾപ്പെടെ വിവിധ പരിപാടികൾ

ജെ ആർ സി യുടെ നേതൃത്വത്തിൽ നടന്നു. കുട്ടികൾ തയ്യാറാക്കിയ മികച്ച

ചിത്രങ്ങൾ ശിശു വികസന ഡയറക്ടർക്ക് അയച്ചു കൊടുത്തു.

# NCC



# സ്കൂൾ സൈനികസേന 10(k) BN NCC ഗ്രൂപ്പ്

എല്ലാ വിദ്യാലയങ്ങളും അനുസരണക്കും അച്ചടക്കത്തിനും ഏറെ പ്രാധാന്യം നൽകുന്നു.അതുപോലെ തന്നെ എ എം എം ഹയർസെക്കന്ററിസ്കൂളിലെ വിദ്യാർത്ഥികളോട് ഒത്തുചേർന്ന് സൗഹൃദം പുലർത്തുന്ന ഒരു ക്ലബ് ആണ് എൻ സി സി എന്ന് ഞാൻ പറയാതെ തന്നെ നിങ്ങൾക്ക് അറിയാമല്ലോ.....1948 ൽ ആണ് എൻ സി സി ഇന്ത്യയിൽ ആദ്യമായി പ്രവർത്തനം ആരംഭിച്ചത്.1958 ൽ എ എം എം എച്ച് എസ്സ് എസ്സ് വിദ്യാലയത്തിലും ക്ലബ് പ്രവർത്തനമാരംഭിച്ചു. എ എം എം എൻ സി സി യൂണിറ്റിൽ നമ്മുടെ ബഹുമാന്യ അദ്ധ്യാപകൻ എബി മാത്യു ജേക്കബ് എ.എൻ.ഒ ആയി പ്രവർത്തിക്കുകയും ഈ യൂണിറ്റിൽ സേവനപ്രവർത്തനങ്ങളിൽ പിന്തുണ നൽകുകയും അതിലൂടെ തന്റേതായ പങ്കു വഹിക്കുകയുംചെയ്യുന്നു.ഓരോ വർഷവും എൻ.സി.സി യിൽ പുതിയ കേഡറ്റുകളെ സെലക്ഷനിലൂടെ തിരഞ്ഞെടുക്കുന്നു. ഇതിലൂടെ ഓരോ കുട്ടികളുടേയും ശാരീരിക മാനസികനില മെച്ചപ്പെടുത്തുകയും കൂടാതെ കുട്ടികൾക്കു മറ്റുള്ളവരോടുള്ള പെരുമാറ്റങ്ങളിൽ അച്ചടക്കവും ബഹുമാനവും വർദ്ധിക്കുകയുംചെയ്യുന്നു. ഇതിൽ പ്രവർത്തിക്കുന്ന എ എൻ ഒ സ്റ്റാഫ് ,സി ഒ,സബ് ലീഡേഴ്സ് ,കേഡറ്റ്സ് തുടങ്ങിയവർക്കും നന്ദി.

ഷാരോൺ ഈപ്പൻ തോമസ്

(ലീഡർ )

# Collages








Vimukthi


JRC
ലോകകൈകഴുകൽ ദിനം
ഒക്ടോബർ 15


സ്കൂൾ പാർലമെന്റ്
ഇലക്ഷൻ
2019
SCHOOL PARLIMENT ELECTIONS


SCIENCE CLUB




UP LAB
Inauguration


HEALTH_CLUB
STUDENTS DOCTOR CADETS
RKSK- RASHTRIYA KISHOR SWASTHA KARIKRAM


കലാകാരനുമായുള്ള അഭിമുഖം


School Kalolsavam
678
29
125















# Sports

# ART SECTION










by.
Rohan
(6-B)


Submitted by,
Adithya Aji
8 A


By Rebecca
Mariam
Kurien




By
Anakha Gireesh
Std: 8C


By
Devika
VIII A




Adithya Aji
VIII A




ലോക കൈ കഴുകൽ ദിനം
എടാ ഞാൻ കൈ കഴുകാൻ പോവ നീ വരുന്നോ
നീ പോടാ...! കഴിക്കുന്നതിനു മുമ്പ് കൈ കഴുകിയില്ലെങ്കിലും കൊഴപ്പമില്ല
എടാ പോടാ! നീ കൈ കഴുകിയില്ലെങ്കിൽ നിനക്ക് ഓരോ അസുഖം പിടിക്കും.
എനിക്ക് അറിയില്ലായിരുന്നു ഈ കാര്യങ്ങളൊന്നും
നമ്മൾ കൈ കഴുകിയില്ലെങ്കിൽ നമ്മക്കു പോലും എതിർക്കാൻ പറ്റാത്ത അസുഖങ്ങൾ വരും
KILL
KILL BACHTRIA

Akash Ashok

# കടപ്പാട്

ഈ ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കാൻ പ്രയത്നിച്ച

എ.എം.എം.എച്ച്.എസ്സ്.സ്കൂളിലെ ലിറ്റിൽ കൈറ്റ്സ്

അംഗങ്ങൾ, രചനകൾ തന്ന് സഹായിച്ച വിദ്യാർത്ഥികൾ,


അദ്ധ്യാപകർ, നേതൃത്വംനൽകിയ ആശടീച്ചർ, ജെബിസാർ.... ഏവർക്കും

നന്ദി....നന്ദി....

-Nandhu Suresh

IX-B




"In a **gentle** way,
you can **shake** the world"
-Mahatma Gandhi
A M M H S S Edayaranmula,
Pathanamthitta
Pin Code:689532